● ഓർമ്മ / അനുഭവം

# മടയിലൂടെ തല നീട്ടുന്ന സിനിമയും കാത്ത്!

**സി. രാജഗോപാലൻ**



ഓളവും തീരവും (1970) – മധുവും ഉഷാനന്ദിനിയും

ആദ്യം കണ്ട സിനിമയെക്കുറിച്ച് ആലോചിക്കുമ്പോഴൊക്കെ ആദ്യം മനസ്സിലെത്തുക കണ്ടുണ്ണിയേട്ടൻ പറഞ്ഞ കഥയാണ്. ഇപ്പോൾ ഉമ്മറക്കോലായിലെ ചാരുകസേരയിൽ ഒതുങ്ങിയ എൺപതുകാരൻ കണ്ടുണ്ണിയേട്ടൻ ആവുന്ന കാലത്ത് ഞങ്ങളുടെ നാട്ടിലെ ഏറ്റവും നല്ല ചെത്തിപ്പടവുകാരനായിരുന്നു. ഇരുപത്തഞ്ചുകൊല്ലം മുൻപ് ഞങ്ങളുടെ പുരയ്ക്കു കല്ലുകെട്ടുമ്പോഴാണ് അദ്ദേഹം താൻ കണ്ട ആദ്യ സിനിമയെപ്പറ്റി സരസമായി വിസ്തരിച്ചത്. തെങ്ങിൻ മടൽ രണ്ടായി പൊളിച്ചു കുതിർത്തു മെടഞ്ഞ ഓലതടുക്കുകൾ വെടുപ്പായി അടുക്കിക്കെട്ടിയ മോന്തായവും നാലുപുറവും മുളം പനമ്പു കൊണ്ടു മറച്ച ചുവരുകളുമായി ഒരു നെടുനെടുപ്പൻ നെടുമ്പുര നാട്ടിൻപുറത്ത് ഉയർന്നു വന്നതും അതിനകത്ത് പണം കൊടുത്തുകയറിയാൽ കാണാവുന്ന മായാജാലവും അന്നു നാട്ടിലെ ഏറ്റവും വലിയ അതിശയമായിരുന്നു.

ഒരു ദിവസം ഉച്ചയ്ക്കു പണി മാറ്റി എണ്ണ തേച്ചു മുങ്ങിക്കുളിച്ച് ഊണും കഴിച്ച് മുറുക്കി തുപ്പി അലക്കിയ മുണ്ടും രണ്ടാംമുണ്ടും ധരിച്ച് കണ്ടുണ്ണിയേട്ടൻ പുറപ്പെട്ടു. ആ അത്ഭുതം നേരിൽ കാണുവാൻ. "നല്ല തങ്ക" യാണ് കളി.

മുണ്ടിന്റെ കോന്തലയഴിച്ച് നാലണ കയ്യിൽ പിടിച്ച് കൗണ്ടറിലെ മാളത്തിലൂടെ കയ്യിട്ട് ഒന്നാമനായി നിന്നത് കണ്ടുണ്ണിയേട്ടൻ തന്നെ. 'തറ' ടിക്കറ്റും കരസ്ഥമാക്കി കൊട്ടകയിലേയ്ക്ക് ഒന്നാമനായി പ്രവേശിച്ചതും കണ്ടുണ്ണിയേട്ടൻ. പുറം വെളിച്ചങ്ങളിൽ നിന്നും നട്ടുച്ചയിലെ ആ ഇരുട്ടിലേയ്ക്ക് കയറിയ കണ്ടുണ്ണിയേട്ടന് കുറേ നേരത്തിന് കണ്ണു പിടിച്ചില്ല. പിന്നെ പതുക്കെ ചുറ്റുപാടുകൾ തെളിഞ്ഞു. ആളുകൾക്ക് പോയി വരാനുള്ള വാതിലുകളല്ലാതെ നാലുപുറവും മുകളിലും പഴുതുകളൊന്നും കാണാനില്ല! രണ്ടു ഭാഗവും പനമ്പു മറ. ഒരു ഭാഗത്ത് മറച്ചിരിക്കുന്നത് വെള്ളത്തുണികൊണ്ട്. ഇനിയൊരു ഭാഗത്ത് മൺചുമര്. സൂക്ഷിച്ചു നോക്കിയപ്പോൾ ആ മൺചുവരിൽ കണ്ടു മൂന്നു നാലു ഓട്ടകൾ! അങ്ങിനെ വരട്ടെ......... അതു തന്നെ സിനിമ വരുന്ന വഴി! ഓട്ടയുടെ നേർക്കു തിരിഞ്ഞു കണ്ണിമ വെട്ടാതെ ഓട്ടകളിലേയ്ക്കു തന്നെ നോക്കിയിരുന്നു അദ്ദേഹം! കുറച്ചു നേരം കഴിഞ്ഞ്ചുറ്റിലും നോക്കിയപ്പോൾ, താനൊഴിച്ചുള്ളവരെല്ലാം ഓട്ടകൾക്ക് പുറംതിരിഞ്ഞാണ് ഇരിക്കുന്നതെന്ന് കണ്ടു. സിനിമ വരുന്ന വഴി താനൊഴികെ മറ്റാരും കണ്ടുപിടിച്ചില്ലല്ലോ എന്നതിൽ കണ്ടുണ്ണിയേട്ടന് സ്വയം മതിപ്പു തോന്നി. ഇതിനിടെ ഒരു ചെറുപ്പക്കാരൻ ഒരു കള്ളച്ചിരിയോടെ കണ്ടുണ്ണിയേട്ടന്റെ ചെവിയിൽ പറഞ്ഞു: "ഏട്ടേ...... തിരിഞ്ഞിരിക്കിൻ....... ശീലേമ്മ്ലാണ് കളി!"

● ● ●

ബാല്യകാലത്താണ്. നാലുനാഴികയിലധികം ദൂരമുണ്ട് ഏറ്റവുമടുത്ത സിനിമക്കൊട്ടകയിലേക്ക്. കുന്തിപ്പുഴ തീരത്ത് പുലാമന്തോളിൽ. ഓണം, വിഷു, തിരുവാതിര എന്നീ ആണ്ടറുതികളിലെ നാളുകൾ സിനിമയ്ക്കു പോവാറുള്ളൂ. പീടികച്ചായ കുടിക്കലും ഹോട്ടലൂണും സിനിമയും ഇത്തിരി മ്ലേച്ഛമായി കണ്ടിരുന്ന കാലമാണത്. എങ്കിലും ഓണക്കാലത്ത് സിനിമ കാണാൻ അനുവദിക്കപ്പെട്ടു.

ഏറെ കരഞ്ഞു ബഹളം കൂട്ടിയിട്ടാണ് ഏട്ടന്മാർ കൂടെക്കൂട്ടിയത്. ഓണം അവിട്ടം നാളിൽ ഊണും കഴിച്ച് ഇത്തിരി മുഷിഞ്ഞ ഓണപ്പുടവയുമുടുത്ത് കുപ്പായവുമിട്ട് ഓണ വെയിലിലൂടെ ഒരു നീണ്ട യാത്ര. ചിങ്ങം പിറന്ന് മലവെള്ളം വാർന്ന് കരികൊള്ളാൻ തരിച്ചു കിടക്കുന്ന കരിങ്കരപ്പാടത്തിലൂടെ, ഏറ്റവുമാദ്യം പുഴവെള്ളം കയറുന്ന കോപ്പാടത്തിലൂടെ, പച്ചയും മഞ്ഞയുമായി വിളഞ്ഞുവരുന്ന പേരടിയൂർ പാടത്തിലൂടെ, നട്ടപ്പകലിലും വെയിലുവീഴാത്ത ഇരുളിൽ കാട്ടിലൂടെ നടന്നു നടന്നു ചെന്ന് പുലാമന്തോൾപ്പാലം കടക്കണം. കുന്തിപ്പുഴയിലേക്ക് നോക്കിയാൽ തലചുറ്റും. ആളും കയ്യും ഉയരമുള്ള കാരിരുമ്പു വേലിയുണ്ട് പാലത്തിന്. പനയോളം ഉയരമുള്ള പാലത്തിൽനിന്നും കയ്യെത്തിച്ചാൽ തൊടാവുന്ന വിധം വെള്ളം ഉയർന്നുവത്രെ തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തിൽ!

ആദ്യം കണ്ട സിനിമ 'കണ്ണൂർ ഡീലക്സാ'ണ് എന്നാണ് ഓർമ്മ. വെളിച്ചം ശീലയിൽ വീഴുമ്പോൾ ജീവലോകത്തിന് നേരെ കണ്ണാടി പിടിച്ചതു പോലെ മറ്റൊരു ലോകം ! അന്തമില്ലാത്ത അത്ഭുതവും ആനന്ദവും.

ഓടുന്ന ബസ്സും അതിലേക്ക് ഓലക്കുടയുമായി കയറിയ വയറൻ നമ്പൂതിരിയും (അടൂർ ഭാസി) ഇന്നും മായാതെ മനസ്സിലുണ്ട്.

• • •

മണ്ണിൽ പുതഞ്ഞ ഉടലും മൺനിറമായ മുണ്ടുമായി എന്നും പണിയിലേർപ്പെട്ടുമാത്രം കാണുന്നു. കുന്നക്കാടത്തിന്റെ ചെരുവിലെ കൂടാന്മാർ പെണ്ണുങ്ങൾ എണ്ണ തേച്ചു കറുപ്പിച്ച മൂടിയും നീട്ടിവരച്ച മഞ്ഞൾകുറിയും മുറുക്കിച്ചുവപ്പിച്ച ചുണ്ടും മുല്ലപ്പൂപോലെ വെളുത്ത മുണ്ടും കടുംവർണ്ണത്തിലുള്ള ചീട്ടിത്തുണിയുടെ ജംബറും ധരിച്ച് കുന്നിറങ്ങി പാടവരമ്പിലൂടെ വരിവരിയായി പുലാമന്തോളിലേക്ക് സിനിമക്കു പോവുന്നതും ഓണനാളുകളിലാണ്. കൊല്ലത്തിലൊരിക്കൽ. 'ശീലാമ്പതി'യും 'രാജാഹരിശ്ചന്ദ്രനും', 'സ്വാമി അയ്യപ്പനും' 'കൊടുങ്ങല്ലൂരമ്മയും' കാണാനായി അവർ ഈ പതിവ് തെറ്റിച്ചിട്ടുണ്ട്.

• • •

കവിതകളിലൂടെയും കഥകളിലൂടെയും വളരെയേറെ എടുത്തു കാട്ടപ്പെട്ട കേരളത്തിന്റെ ശാലീനമായ പ്രകൃതിയുടെയും ശാന്തമായ ഗ്രാമജീവിതത്തിന്റെയും അനവദ്യ സൗന്ദര്യം ഒരു പക്ഷെ സാങ്കേതികതയുടെ സാധ്യതകൾകൂടി ഉപയോഗിച്ച് ഏറ്റവും സമർത്ഥമായി ആവിഷ്ക്കരിക്കപ്പെട്ടത് അറുപതുകളിലെയും എഴുപതുകളിലെയും ചലച്ചിത്ര മാധ്യമത്തിലൂടെയാണ് എന്നു പറയാം.

കാലം വളരെ വേഗത്തിലാണ് മാറിയത്. ആ മാറ്റത്തിൽ മരിച്ചത് മലയാള സിനിമ മാത്രമല്ല മലയാളി തന്നെയുമാണ്. കൊടിയ ഒരു പ്രകൃതിക്ഷോഭം കൊണ്ടല്ലാതെ, മനുഷ്യന്റെ ഭോഗാർത്ഥികൾ കൊണ്ടുമാത്രം ഇത്രക്ഷണത്തിൽ ഒരു ഭൂഭാഗം (ദൈവത്തിന്റെ സ്വന്തം നാടത്രെ അത്!) ഇത്രമേൽ കീഴ്മേൽ മറിക്കപ്പെടുകയും കീറിമുറിക്കപ്പെടുകയും ചെയത് ദുരന്തചരിത്രം ഈ ലോകത്ത് കേരളത്തിനുമാത്രം ഉള്ളതാണ്. നമ്മുടെ വാമനത്വം പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തിയത് ഒരു ഭൂഭാഗത്തിന്റെ ജീവചൈതന്യത്തെ മാത്രമല്ല, അവിടത്തെ ജനവിഭാഗങ്ങളുടെ അന്യൂനമായ ജീവിത ദർശനത്തെ ആകെയുമാണ്.


മലയാളിക്കിന്ന് മലയാളത്തിന്റെ തനതായ ആകാശവുമില്ല ഭൂമിയുമില്ല അസ്തിത്വവുമില്ല. അങ്ങാടി, അങ്ങാടി, അങ്ങാടി മാത്രമാണിന്ന് ആദ്യമായും അവസാനമായും മലയാളിക്കുള്ളത്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ മലയാളി കമ്പോളത്തിനുമുന്നിൽ തിക്കിത്തിരക്കുന്ന ഇരപ്പാളിയായി മാറിയതാണ് കേരളത്തിന്റെ വികസന ചരിത്രം. ഈ ചരിത്ര പരിണതിയുടെ സാംസ്കാരികമായ ഉള്ളടക്കമാണ് സമകാലിക മലയാള സിനിമ.

ഈ കാലത്തിലിരുന്ന് അറുപതുകളിലെയും എഴുപതുകളിലെയും മലയാള സിനിമകൾ കാണുമ്പോൾ മൺമറഞ്ഞു കഴിഞ്ഞ നമ്മുടെ നാട്ടുവഴികളും നാട്ടുമൊഴികളും പൂക്കാലങ്ങളും പുഴയൊഴുക്കുകളും അദ്ധ്വാനവും അയല്പക്കബന്ധവും നഷ്ടബോധമുണർത്തിക്കൊണ്ട് കൺമുന്നിൽ തെളിയുന്നു. നമ്മുടെ ഭാഷയിൽ നിന്നും വേഷത്തിൽ നിന്നും ഭക്ഷണത്തിൽ നിന്നും പാർപ്പിടത്തിൽ നിന്നും ചോർന്നുപോയതെന്ത് എന്ന് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

സിനിമാ കൊട്ടകകൾ ഒന്നൊന്നായി കൊട്ടിയടക്കപ്പെടുകയും മലയാളി ഏറെക്കുറെ പൂർണ്ണമായി വിഢ്ഢിപ്പെട്ടിയുടെ ചതുരത്തിലേക്ക് ചുരുക്കപ്പെടുകയും ചെയ്ത ഇക്കാലത്ത് സന്ധ്യാനാമം വെടിഞ്ഞ് മുത്തശ്ശിമാരും പേരക്കുട്ടികളും മനോരോഗം വളർത്തുന്ന സീരിയലുകൾക്കുമുന്നിൽ ചമ്രം പടിഞ്ഞിരിക്കുമ്പോൾ നമ്മുടെ ചലച്ചിത്രസംസ്കാരം ഇതാ ഇവിടെവരെ എത്തി എന്ന് നമുക്ക് പറഞ്ഞുനിർത്താം.

**വാൽക്കഷ്ണം :** ചാനലുകളിൽ പരതി പഴയ മലയാള സിനിമ കാണാറുണ്ട്. എന്തിനെന്നോ?! നായികയും നായകനും സല്ലപിക്കുന്ന ഇടവഴി കാണാൻ. പാട്ടുസീൻ ചിത്രീകരിച്ച വയലുകാണാൻ. നായിക ഇരിക്കുന്ന പടിപ്പുരയും കുളിക്കുന്ന കുളവും പുഴയും കാണാൻ. സിനിമയിലല്ലാതെ ഇനി അതൊക്കെ എവിടെ കാണാൻ!

### പുസ്തകം/കൈപ്പറ്റി



**ഇടനാടൻ ചെങ്കൽകുന്നുകൾ ഒരു പാരിസ്ഥിതിക സമീപനം**

എഡിറ്റർ : ടി.പി. പത്മനാഭൻ

സൊസൈറ്റി ഫോർ എൻവയർമെന്റൽ എഡ്യുക്കേഷൻ ഇൻ കേരള, അടാട്ട്, കണ്ണൂർ


**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

**കേരളീയം**

വരിസംഖ്യാനിരക്ക്
തപാലിൽ ലഭിക്കാൻ

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 250 രൂപ
- വ്യക്തികൾക്ക് 120 രൂപ
- ആജീവാനാന്ത (10 വർഷം) വരിസംഖ്യ 1500 രൂപ
- ട്രസ്റ്റ് അംഗത്വം 5000 രൂപ

M.O./D.D. അയയ്ക്കുക

മാനേജർ,
കേരളീയം
കൊക്കാലെ, തൃശൂർ – 21
☎ 0487-2421385/2991016
E-mail : keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി